"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-18-12-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്- സുഭിക്ഷ കേരളം പദ്ധതിയ്ക്ക് കീഴിൽ സബ്സിഡി നൽകുന്നതിന് വിള ഇൻഷ്വറൻസ് നിർബന്ധമാണെന്ന നിബന്ധന ഈ വർഷം ഒഴിവാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.27/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/01/2022

പരാമർശം:- 1. കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.11.2021-ലെ കത്ത്

2. 18-12-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.76-ാം നമ്പർ തീരുമാനം

**ഉത്തരവ്**

സുഭിക്ഷ കേരളം പദ്ധതിയിൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വിവിധ കൃഷികൾക്ക് സബ്സിഡി നൽകുന്നുണ്ട്. പച്ചക്കറി, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ സുഗന്ധ വിളകൾ തുടങ്ങിയ കൃഷികൾക്ക് സബ്സിഡി നൽകുന്നതിന് വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്നുണ്ട്. ഈ നിബന്ധന ഈ വർഷം ഒഴിവാക്കണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യർത്ഥന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പരാമർശം (2) പ്രകാരം പ്രത്യേകാനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി വിവിധ കൃഷികൾക്ക് സബ്സിഡി നൽകുന്ന ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ (പ്രോ.നം.43/22), വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന നിബന്ധന ഈ വർഷം ഒഴിവാക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പ്രസിഡണ്ട്/സെക്രട്ടറി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 06-01-2022 16:22:19
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ,ഗ്രാമവികസനം എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്